

**INVESTMENT**
Canadians want to save more this year



**HEALTH**
Treatment for Post-COVID



**SPIRITUAL**
Feeling Overwhelmed?

# SAMIKSHA

January 2024 - Vol. 04 - Issue 01

Canada's first multicultural family magazine

Diving into Diversity



$4.99 - CANADA
ISSN 2563-6804

In the vast expanse of Canada, winter descends with an icy grip, transforming the landscape into a breathtaking tableau of frost-kissed beauty.
Snowflakes, delicate and intricate, dance from the heavens, blanketing the earth in a pristine white cloak. Trees stand tall, their branches adorned with a delicate lacework of frost, glistening in the pale sunlight.

Social



Karoor Soman

# സാഹിത്യപ്രതിഭകൾ തിരുത്തൽ ശക്തികളോ?

കാലത്തിനതീതമായി സഞ്ചരിക്കുന്നവരാണ് ഉന്നതരായ സാഹിത്യപ്രതിഭകൾ. കേരളത്തിൽ ഡോ.സുകുമാർ ആഴിക്കോടിന് ശേഷം ഗർജ്ജിക്കുന്ന സിംഹങ്ങളെ അധികം കണ്ടിട്ടില്ല. ഇപ്പോൾ വൈകിയെത്തിയ വിവേകംപോലെ പ്രശസ്ത സാഹിത്യകാരനും ക്രാന്തദർശിയുമായ  എം.ടി.വാസുദേവൻ നായരുടെ വാക്കുകൾ വാളുകൊടുത്തു വെട്ടുന്നതുപോലെ തൂലിക വാളായി മാറുമെന്ന് ആരും പ്രതീക്ഷിച്ചില്ല.  പല ഹൃദയങ്ങളിൽ അത് ആഴത്തിൽ തുളച്ചിറങ്ങി മുറിവേൽപ്പിച്ചിട്ടുണ്ട്. ഈ അവസരം ഓർമ്മ വന്നത് വിപ്ലവസാഹിത്യ സാംസ്കാരിക നായകന്മാരായ റഷ്യയുടെ രാഷ്ട്രപിതാവ് ലെനിനും, ഫ്രാൻസിൽ ജീവിച്ചിരുന്ന നിരീശ്വരവാദി, നാടകകൃത്ത്,  നോവലിസ്റ്റ്, തത്വചിന്തകൻ ജീൻ പോൾ സാർത്താണ്. അദ്ദേഹത്തിന്റ 1938 ൽ പുറത്തിറങ്ങിയ  ലനൗസി നോവലിൽ  അധികാരിവർഗം അടിച്ചേൽപ്പിക്കുന്ന അടിമത്വങ്ങളെ തുറന്നെഴുതി. അതിന് പ്രതിഫലമായി ലഭിച്ചത് ജയിൽ വാസമായിരുന്നു. ചില എഴുത്തുകാർക്ക് താല്പര്യം പട്ടുമെത്തകളാണ്. 1964 ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം അദ്ദേഹം നിരസിച്ചു അധികാരികളുടെ മുന്നിൽ ഓച്ഛാനിച്ചു നിൽക്കാത്ത ഇന്നും ജനകോടികളിൽ ജീവിക്കുന്ന നാടുവാഴികളെയോ രാജാക്കന്മാരെയോ ഭയക്കാത്ത എത്രയോ ധീരന്മാരായ മഹാപ്രതിഭകളെ കാണാം. കേരളത്തിൽ കഴിഞ്ഞ തലമുറയിലും നമുക്ക് ധീരരായ സ്ത്രീ–പുരുഷ സാഹിത്യ പ്രതിഭകളുണ്ടായിരുന്നു.



എം.ടി. വാസുദേവൻ നായർ

**അധികാരികളുടെ ആജ്ഞയനുസരിച്ച് അടിമപ്പണിക്കാരായി ഒരു ജനത അധഃപതിച്ചത് ജനാധിപത്യത്തിന്റ മുഖം മൂടിയണിഞ്ഞവർ അധികാരത്തിലെത്തിയതുകൊണ്ടെന്ന് എം.ടി ക്ക് മാത്രമല്ല ബഹുഭൂരിപക്ഷം ആളുകൾക്കും അറിയാവുന്ന കാര്യമാണ്. എം.ടി യുടെ വാക്കുകൾ കേട്ടപ്പോൾ അഹന്ത അല്പത്വംകൊണ്ട് ആശാന്മാരായി മാറിയവർക്കെല്ലാം മനോവേദനകളുണ്ടാക്കി.**

ഇന്ത്യയിൽ എത്രയോ നാളുകളായി മനുഷ്യരിൽ ഭയം, ഭീതി, അനീതി, അഴിമതി, തൊഴിലില്ലായ്മ, ദാരിദ്ര്യം,  അക്രമം, വർഗീയ ചിന്തകൾ വേട്ടനായ്ക്കളെപോലെ പിന്തുടരുന്നു. നമ്മുടെ മുന്നിൽ കാണുന്ന വികൃത ജനാധിപത്യത്തെ കണ്ടുകൊണ്ടാണ് മനുഷ്യ മനഃസാക്ഷിയെ തട്ടിയുണർത്തുംവിധം  എം.ടി പറഞ്ഞത് അധികാരമെന്നാൽ ജനസേവനത്തിന് കിട്ടുന്ന മെച്ചപ്പെട്ട അവസരമെന്ന സിദ്ധാന്തത്തെ പണ്ടെന്നോ നമ്മൾ കുഴിച്ചുമൂടി. ഏകാധിപത്യ സർവ്വാധിപത്യ പ്രവണതകൾ. അധികാരികളുടെ ആജ്ഞയനുസരിച്ച് അടിമപ്പണിക്കാരായി ഒരു ജനത അധഃപതിച്ചത് ജനാധിപത്യത്തിന്റ മുഖംമൂടിയണിഞ്ഞവർ അധികാരത്തിലെത്തിയതുകൊണ്ടെന്ന് എം.ടി ക്ക് മാത്രമല്ല ബഹുഭൂരിപക്ഷം ആളുകൾക്കും അറിയാവുന്ന കാര്യമാണ്.  ഭാരതത്തിലെ തെരഞ്ഞെടുപ്പുകൾ ജാതി മത വോട്ടുകളിലെത്തി സർവ്വാധിപതികളെപ്പോലെ ജീവിച്ച് പാവങ്ങളുടെ ഹൃദയമിടിപ്പുകൾ കൂട്ടുന്നു. എം.ടി യുടെ വാക്കുകൾ കേട്ടപ്പോൾ അഹന്ത അല്പത്വംകൊ



ഡോ. സുകുമാർ ആഴിക്കോട്



എം.മുകുന്ദൻ



എൻ.എസ്. മാധവൻ

ണ്ട് ആശാന്മാരായി മാറിയവർക്കെല്ലാം മനോവേദനകളുണ്ടാക്കി. പലരും ഞെക്കിപ്പഴുപ്പിച്ച പഴം പോലെയായി. അതിൽ എല്ലാം സർക്കാർ സംവിധാനങ്ങളും എണ്ണപ്പെടും. ഇടതുപക്ഷത്തിന്റെ മാത്രം തലയിലിരിക്കട്ടെ എന്നല്ല. ഈ കൂട്ടർ മനസ്സിലാക്കേണ്ടത് ജ്ഞാനിക്ക് തലയിലും കണ്ണുണ്ട്. വെറുതെയല്ല ഇവരെ ബുദ്ധിജീവികളെന്ന് വിളിക്കുന്നത്.

ഇന്ത്യയിൽ ചൂഷിതരും മർദ്ദിതരുമായ ജനക്കൂട്ടത്തെ പാപ്പരാക്കികൊണ്ട് ഇന്ത്യയിൽ ഒരുപറ്റം തടിച്ചുകൊഴുക്കുന്നത് ഈ വോട്ടുചെയ്യുന്നവർ കാണുന്നില്ലേ? ഇത് ജനാധിപത്യ അധഃപതനം മാത്രമല്ല ഓരോ പൗരന്റെയും ധാർമ്മികനിലവാരത്തിന്റെ പതനം കൂടിയാണ്. ഏത് പാർട്ടിക്കാരനായാലും ഉൾകാഴ്ച്ചയും ദീർഘവീക്ഷണവുമുള്ളവരാകണം. കെ.സച്ചിദാനന്ദൻ പറഞ്ഞു: വ്യക്തിപൂജ കമ്മ്യൂണിസ്റ്റ് രീതിയല്ല. സക്കറിയയുടെ അഭിപ്രായം: നമ്മൾ വീരാരാധനയിൽ ലയിച്ചുപോയ ഒരു മണ്ടൻ സമൂഹമാണ്. എം.മുകുന്ദൻ പറഞ്ഞു: സിംഹാസനങ്ങളല്ല വലുത് ജനങ്ങളാണ്. സാറാ ജോസഫ് പറഞ്ഞത് ജനങ്ങൾ ഫാസിസ്റ്റ് ഭരണത്തിലാണ്. എൻ.എസ്.മാധവൻ പറയുന്നു ഇടതുപക്ഷം ആത്മപരിശോധന നടത്തണം. സാനു മാസ്റ്റർ, ടി.പത്മനാഭൻ, എം.ലീലാവതി ടീച്ചർ തുടങ്ങി പലരും സാമൂഹ്യ സാംസ്കാരിക രംഗത്ത് നടക്കുന്ന കാപട്യങ്ങൾ പല



പ്പോഴായി തുറന്നു കാട്ടിയിട്ടുണ്ട്. ഇവിടെ ഇടത് വലത് എന്നതിനേക്കാൾ ആത്മപരിശോധനകൾ നടത്തി തെറ്റുകൾ തിരുത്താൻ തയ്യാറാകണം. തെറ്റുകൾ തിരുത്താതെ പോകുമ്പോഴാണ് കൂരമ്പുകൾ ഏൽക്കേണ്ടിവരുന്നത്. ശക്തരായ സർഗ്ഗപ്രതിഭകൾ, എഴുത്തുകാർ നോക്കു കുത്തികളാകുന്നതും അധികാരികൾക്ക് ശക്തി പകരുന്നു. റഷ്യൻ രാഷ്ട്രപിതാവ് ലെനിൻ, ഇ.എം.എസ്, നെഹ്റു ഇവരെല്ലാം നല്ല എഴുത്തുകാരായിരുന്നതിനാൽ മനുഷ്യർക്കാണ് മുൻഗണന കൊടുത്തത്. ജാതി മത വർഗങ്ങൾക്കല്ല. ഭാരത മണ്ണിലുറച്ചുപോയ ജാതിമത അരാഷ്ട്രീയ സങ്കുചിത ചിന്തകളാണ് നമ്മൾ വലിച്ചെറിയേണ്ടത്?

> **എം.ടി പറഞ്ഞ ഏകാധിപത്യം സാമൂഹ്യ രംഗത്തു മാത്രമല്ല സാംസ്കാരിക രംഗത്തുമുണ്ട്. രാഷ്ട്രീയ പ്രേരിതമായിട്ടല്ലേ പലതും കാണുന്നത്. സാഹിത്യരംഗത്ത് ഫലപ്രദമായ സാഹിത്യ സംഭാവനകൾ ചെയ്യാത്ത എത്രപേരാണ് സർക്കാർ പുരസ്കാരങ്ങൾ, പദവികൾ ഏറ്റു വാങ്ങുന്നത്?**

ഒരു ഭരണാധിപനെന്നാൽ വേലിക്കെട്ടുകളില്ലാത്ത നല്ലൊരു മനസ്സിന്റെ ഉടമയാകണം. ക്ഷണിക കക്ഷി താല്പര്യങ്ങളുള്ളവനാകരുത്. എല്ലാവരുടെയും പ്രിയപ്പെട്ടവനാകണം, മറ്റുള്ളവരുടെ അദ്ധ്വാനഫലം ചൂഷണം ചെയ്യുന്നവനാകരുത്, സമ്പന്നരുടെ ആശ്രിതനും പാവങ്ങളെ വഞ്ചിക്കുന്നവനുമാകരുത്. ഇന്ത്യയുടെ ജനാധിപത്യത്തിന് വിള്ളലുണ്ടെങ്കിൽ ചോദ്യം ചെയ്യേണ്ടത് ജനങ്ങളാണ്. അവരുടെ പ്രതിഷേധം വോട്ടിലൂടെയെങ്കിലും രേഖപ്പെടുത്തേണ്ടതല്ലേ? ഏത് സർക്കാർ ഭരിച്ചാലും എഴുത്തുകാർ മാനുഷിക മൂല്യമില്ലാത്ത സർക്കാർ സമീപനങ്ങളെ ആത്മധൈര്യത്തോടെ ചോദ്യം ചെയ്യേണ്ടവരാണ്. ഒരു പുരസ്കാരം, പദവി കിട്ടിയാൽ അത് ആരാധനയായി മാറുമോ? മലയാളത്തിലെ എത്ര സാംസ്കാരിക നായകന്മാർ എം.ടി യെപ്പോലെ ശക്തമായി പ്രതികരിച്ചിട്ടുണ്ട്? അവർക്കും ഭയമാണ്. കിട്ടാനിരിക്കുന്ന അപ്പക്കഷണം നഷ്ടമാകുമോ? അതാണ് എം.ടി പറഞ്ഞത്: ഭരണാധികാരികൾ എറിഞ്ഞുകൊടുക്കുന്ന ഔദാര്യത്തുണ്ടല്ല സ്വാതന്ത്ര്യം. ഒരെഴുത്തുകാരന്റെ സ്വാതന്ത്ര്യത്തിലുള്ള സർക്കാരുകളുടെ കടന്നാക്രമണമാണ് അദ്ദേഹം ഉദ്ദേശിച്ചത്. മറുഭാഗത്ത് സ്വാതന്ത്ര്യമില്ലാതെ പദവികളിലിരിക്കുന്നത് സർക്കാരിന്റെ ഔദാര്യം. മുകളിൽ പറഞ്ഞ ധീരരായ എഴുത്തുകാരെ മുൻനിർത്തി പറഞ്ഞാൽ കൊലകൊമ്പൻ ചത്താലും അതിന്റെ കൊമ്പ് ജീവിച്ചിരിക്കും. എം.ടി എല്ലാ രാഷ്ട്രീയക്കാരെപ്പറ്റി പറഞ്ഞതുപോലെ ഇത് എല്ലാം എഴുത്തുകാർക്കുള്ള ഒരു മുന്നറിയിപ്പാണ്. പാർട്ടികളുടെ കൊടി നോക്കിപോയാൽ എല്ലാം വിചിത്രം, വിധി വൈഭവം.

എം.ടി പറഞ്ഞ ഏകാധിപത്യം സാമൂഹ്യ രംഗത്തു മാത്രമല്ല സാംസ്കാരിക രംഗത്തുമുണ്ട്. രാഷ്ട്രീയ പ്രേരിതമായിട്ടല്ലേ പലതും കാണുന്നത്. സാഹിത്യരംഗത്ത് ഫലപ്രദമായ സാഹിത്യ സംഭാവനകൾ ചെയ്യാത്ത എത്രപേരാണ് സർക്കാർ പുരസ്കാരങ്ങൾ, പദവികൾ ഏറ്റു വാങ്ങുന്നത്? അദ്ദേഹം സാഹിത്യ സാംസ്കാരിക രംഗത്ത് നടക്കുന്ന ചൂഷണങ്ങളെപ്പറ്റി പറയാഞ്ഞത് മഹാഭാഗ്യം. ലോകമെങ്ങുമുള്ള പല ഭരണാധിപന്മാരെ ശ്രദ്ധിച്ചാൽ അവരൊക്കെ ഫ്യൂഡൽ ജന്മിമാരെപോലെ പ്രവർത്തിക്കുന്നത് കാണാം. ഫ്യൂഡൽ പ്രഭുക്കന്മാർക്കാവശ്യം സ്തുതിപാടകരെയാണ്. എം.ടി പറയുന്നു: തെറ്റ് പറ്റിയാൽ തിരുത്താറില്ല. തെറ്റുകളെ മൂടിവെയ്ക്കാൻവരെ ന്യായീകരണ തൊഴിലാളികളും മാധ്യമങ്ങൾ, ചാനലുകളുണ്ട്. സർഗധനരായ പ്രതിഭകൾ വാലാട്ടികളായി, പാണന്മാരായി സ്തുതിഗീതം പാടി നടക്കുന്നവരല്ല. നല്ല സാഹിത്യപ്രതിഭകൾ ഉപരിവർഗത്തിന്റ താല്പ്പര്യ സംരക്ഷകരല്ല. ദുഃഖ ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ സംരക്ഷകരാണ്.

നിർഭാഗ്യമെന്ന് പറയാൻ കേരളത്തിലെ എഴുത്തുകാർ രാഷ്ട്രീയ പാർട്ടികളുടെ ചട്ടുകങ്ങളായി മാറുന്നതിനാൽ ഒന്നിച്ചണിനിരക്കാൻ സാധിക്കുന്നില്ല. ഈ വേർതിരിവ് രാഷ്ട്രീയ പാർട്ടികളിൽ മേൽക്കോയ്മ സൃഷ്ടിച്ചു. എഴുത്തുകാരെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് അടവ് നയമാണ് സാംസ്കാരിക രംഗത്ത് കാണുന്നത്. ഇന്ത്യയിലെ ഏതെങ്കിലും സാഹിത്യകാരന്മാരുടെ പ്രതിഷേധ സ്വരങ്ങൾ നമ്മൾ കേൾക്കുന്നുണ്ടോ? ഇങ്ങനെ അയോഗ്യരായവരെ പദവികൾ കൊടുത്തും പുരസ്കാരങ്ങൾ കൊടുത്തും സ്വന്തം വരുതിയിൽ കൊണ്ടുവരുന്നു. അവരെ മൗനികളാക്കുന്ന തന്ത്രങ്ങളാണ് രാഷ്ട്രീയ പാർട്ടികൾ മെനയുന്നത്. അവർക്ക് കിട്ടുന്ന താലന്തുകൾ മന്ദസ്മിതത്തോടെ സ്വീകരിക്കുന്നു. കേരളത്തിലെ എഴുത്തുകാർ ഒരു കുടകീഴിൽ നിന്നിരുന്നെങ്കിൽ ജനങ്ങൾ





സാനു മാസ്റ്റർ



ടി.പത്മനാഭൻ



എം.ലീലാവതി

ക്കൊപ്പം സംഘടിച്ചു ശക്തരാകാനും ഇന്നുള്ളതിനേക്കാൾ എത്രയോ മടങ്ങ് സാംസ്കാരിക പുരോഗതിയിലേക്ക് നടന്നുകയറാനും സാധിക്കുമായിരുന്നു. മറ്റൊന്ന് ലജ്ജാകരമെന്ന് പറയാൻ സർക്കാർ നേതൃത്വത്തിലുള്ള സാഹിത്യ പ്രസാധകർ രാഷ്ട്രീയ മേലാളന്മാരുടെ ശുപാർശയുണ്ടെങ്കിൽ നിലവാരമില്ലത്ത പുസ്തകങ്ങൾവരെ ഇറക്കിക്കൊടുക്കാറുണ്ട്. അതിൽ പ്രവാസി എഴുത്തുകാരുമുണ്ട്. പൊന്നുരുക്കുന്നിടത്ത് പൂച്ചക്ക് എന്ത് കാര്യം. ഇവരിൽ പലരും സാഹിത്യ നായകസ്ഥാനത്തേക്ക് പതിനെട്ടാം പടി പാടി കയറുന്നു. സംഘടന, പദവി, പുരസ്കാരം അതിന്റെ ആദ്യ ചവിട്ടുപടികളാണ്. ഇതൊക്കെ സൂക്ഷ്മാവലോകനം ചെയ്യാൻ ഇന്നുവരെ ആരും ശ്രമിച്ചിട്ടില്ല.

നല്ല ഭരണാധിപന്മാരെ മുൻനിറുത്തി കഥ, കവിത എഴുതിയാൽ, സിനിമ വന്നാൽ അതെങ്ങനെ സ്തുതിഗീതമാകും? എഴുത്തുകാർ മനുഷ്യരുടെ ദുഃഖ ദുരിതങ്ങൾ, പ്രണയസല്ലാപം മാത്രം എഴുതിയാൽ മതിയോ? അങ്ങനെ സ്തുതിഗീതം പാടുന്നവർക്ക് പുരസ്കാരം, പദവി കൊടുക്കുക സാംസ്കാരിക രംഗത്ത് കാണുന്ന അനാഥത്വവും ദുരവസ്ഥയുമാണ്. ഒരു എഴുത്തുകാരൻ ഭാഷാ സാഹിത്യത്തിൽ അസൂയാർഹമായ കഠിനാധ്വാനത്തിലൂടെ നേടുന്ന കർമ്മം അല്ലെങ്കിൽ ചിന്താപ്രപഞ്ചമാണ് ആ വ്യക്തിയെ അനശ്വരനാക്കുന്നത്. സാംസ്കാരിക രംഗത്ത് നടക്കുന്ന വിവേകമില്ലാത്ത വികടമായ കാഴ്ചപ്പാടുകൾ കഴുകി ശുദ്ധി ചെയ്യാൻ ആരെങ്കിലും കടന്നുവരുമോ? നമ്മൾ ഏത് തത്വസിദ്ധാന്തങ്ങളുടെ തോഴനായാലും ഭാഷാ സാഹിത്യത്തിന്റെ സമൃദ്ധിയാണാവശ്യം അതിനപ്പുറം സ്വാർത്ഥതയുണ്ടായാൽ സാംസ്കാരിക രംഗത്തെ ധാർമ്മിക മൂല്യച്യുതിയാണത്. എം.ടി ഒരു രാഷ്ട്രീയ പാർട്ടിയുടെയും അടിമയോ ആശ്രിതനോ അല്ല. അതിനാൽ അദ്ദേഹം മുന്നോട്ട് വെച്ച ആശയ ആദർശങ്ങൾ മഹത്വപൂർണ്ണമാക്കാനും തിരുത്താനുമാണ് ശ്രമിക്കേണ്ടത്. എം.ടി യുടെ തുറന്നുപറച്ചിൽ കണ്ണുണ്ടായാൽ പോരാ കാണണമെന്നാണ്. കേരളത്തിൽ കൊടിയുടെ നിറം നോക്കി കണ്ണു ചിമ്മി പൂച്ച പാലു കുടിക്കുന്നത് എത്രനാൾ തുടരും? സാംസ്കാരിക –സാമൂഹ്യ രംഗങ്ങളിൽ സാഹിത്യപ്രതിഭകൾ തിരുത്തൽ ശക്തികളായി മാറുമോ?

